# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2639

06.02.2018-ൽ മറുപടിയ്ക്ക്

## ആദിച്ചനല്ലൂരിൽ കെ.എസ്.എഫ്.ഡി.സി.യുടെ തീയേറ്റർ

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചാത്തന്നൂരിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുള്ള തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്ക് കെ.എസ്.എഫ്.ഡി.സി. കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിദഗ്ദ്ധ സംഘം പരിശോധിച്ച് തിയേറ്റർ സമുച്ചയത്തിനുള്ള സാദ്ധ്യത വിലയിരുത്തിയതിനുശേഷം തുടർ നടപടികൾ തീരുമാനിക്കുന്നതാണ്. |
| (ബി) കിഫ്ബിയിൽ നിന്നുള്ള തുക കൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ, ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കെ.എസ്.എഫ്.ഡി.സി തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനവും കെ.എസ്.എഫ്.ഡി.സി.യുമായി ഒപ്പിടുന്ന ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിലാവും തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നത്. സ്ഥലം 30 വർഷത്തെ പാട്ടത്തിനാവും ഏറ്റെടുക്കുക. പാട്ടത്തുക സർക്കാർ മാനദണ്ഡപ്രകാരം നിശ്ചയിക്കുന്നതാണ്. സവിശേഷമായി മറ്റ് മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിച്ചാൽ പരസ്പരം ചർച്ച ചെയ്ത് അതിൽ തീരുമാനം എടുക്കുകയും ആയത് ധാരണാപത്രത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ